(ബി-ഡി) റിസർവ് ബാങ്ക് അംഗീകാരമില്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിലില്ല. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ 2014-15, 2016-17 വർഷങ്ങളിൽ യഥാക്രമം 7%-ഉം 9%-ഉം മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്ന നിർദ്ദേശം റിസർവ് ബാങ്ക് നൽകിയിരുന്നു. നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ ബാങ്കുകൾ സ്വീകരിച്ചു വരികയാണ്.

ഉത്തേജന പലിശ ഇളവ് പദ്ധതി

161 (528) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തേജന പലിശ ഇളവ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് ; പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് പലിശ സബ്സിഡി ഇളവ് നൽകിയിട്ടുണ്ട് ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉത്തേജന പലിശ ഇളവ് പദ്ധതി 2012-13 വർഷം മുതലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 30266 പേർക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി 4,85,56,998 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി ഇളവിന് അർഹതയുള്ളൂ. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡിയായി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly